# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 101

03.12.2018-ൽ മറുപടിക്ക്

### മത്സ്യ ഗുണനിലവാരം ഉറപ്പുവരുത്താനും തൊഴിലാളി ചൂഷണം ഒഴിവാക്കാനും നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. ദാസൻ<br>,, എ.എം. ആരിഫ്<br>,, വി. കെ. സി. മമ്മത് കോയ<br>,, കെ.ജെ. മാക്സി | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കേന്ദ്ര സർക്കാർ നയം കാരണമുള്ള ഇന്ധനവില വർദ്ധനവ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ, വിശേഷിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത് കണക്കിലെടുത്ത് അവർക്ക് എന്ത് സഹായം നൽകാൻ സാധിക്കുമെന്ന് പരിശോധിക്കുമോ; | (എ) | ഇന്ധനവില വർദ്ധനവ് മത്സ്യത്തൊഴിലാളികളെ പ്രത്യേകിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇന്ധന വിലയിലെ വർദ്ധനവ് മത്സ്യബന്ധന ചെലവ് വർദ്ധിക്കുന്നതിനും അതുവഴി മത്സ്യത്തൊഴിലാളികളുടെ വരുമാനം കുറയുന്നതിനും കാരണമായിട്ടുണ്ട്.<br><br>മണ്ണെണ്ണയ്ക്ക് ജി.എസ്.ടി നിലവിൽ വരുന്നതിന് മുമ്പ് 30.53 ശതമാനം(എക്സൈസ് ഡ്യൂട്ടിയും വാറ്റും സഹിതം) നികുതികൾ ഉണ്ടായിരുന്നു. മണ്ണെണ്ണയുടെ ജി.എസ്.ടി 18 ശതമാനമായി കുറച്ചിരുന്നു. ഫലത്തിൽ നികുതി കുറയുകയാണ് ഉണ്ടായത്. എന്നിട്ടും മണ്ണെണ്ണയുടെ വിപണിവില ജി.എസ്.ടി യ്ക്ക് മുമ്പുണ്ടായിരുന്ന നിലയിൽ തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. നികുതി കുറച്ചതിന്റെ ഗുണഫലം മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചില്ല. പ്രസ്തുത നടപടി ഓയിൽ കമ്പനികൾക്കാണ് ഗുണം ചെയ്തത്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും മണ്ണെണ്ണയുടെ വില കുറക്കുന്നതിന് നടപടി എടുക്കാൻ ആവശ്യപ്പെടുകയുണ്ടായി. നിലവിൽ മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25/-രൂപ നിരക്കിൽ മത്സ്യഫെഡ് വഴി സബ്സിഡി നൽകി വരുന്നുണ്ട്. ഡീസൽ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ടുകൾക്ക് ഡീസൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് ബി.പി.എൽ – കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്. |

| | | |
|---|---|---|
| | | പി.ഡി.എസ് മണ്ണെണ്ണ പ്രതിമാസ ക്വാട്ട 2525 കിലോ ലിറ്റർ ആയിരുന്നത് ഏകദേശം 1300 കിലോ ലിറ്റർ ആയി വെട്ടിച്ചുരുക്കിയത് പുനഃസ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടെങ്കിലും ആയത് പുനഃസ്ഥാപിച്ചിട്ടില്ല. |
| (ബി) | ഇടനിലക്കാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ലഭ്യമാക്കാനും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കാത്ത ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ചെയ്തു വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; ഇതിനായി നിയമനിർമ്മാണം ഉദ്ദേശിക്കുന്നുണ്ടോ; | (ബി) രാസവസ്തുക്കൾ ചേർക്കാതെ ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന്, ലാന്റിംഗ് സെൻറുകളിൽ നിന്നും നേരിട്ട് പച്ച മത്സ്യം സഹകരണ സംഘങ്ങൾ മുഖേന സംഭരിച്ച് "അന്തിപച്ച" മൊബൈൽ ഫിഷ് മാർട്ട് വഴി വിപണനം നടന്നു വരുന്നു. ഇതിന് പുറമേ മത്സ്യഫെഡ് നടത്തുന്ന 31 ഫിഷ് മാർട്ടുകളിലൂടെ ഗുണനിലവാരമുള്ള മത്സ്യം മാത്രം വിപണനം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സാഫ് വഴിയും ഇതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തിയുള്ള വിൽപ്പന തടയുവാൻ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾ തോറും രൂപീകരിച്ച് പരിശോധന നടത്തി വരുന്നു. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിങ്ങ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണനശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും, ഏജന്റുമാർക്കും മൊത്ത വ്യാപാരികൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ വിവിധ ഹാർബറുകളിൽ നിന്നും മത്സ്യമാർക്കറ്റുകളിൽ നിന്നും മത്സ്യസാമ്പിളുകൾ ശേഖരിച്ച് പരിശോധനകളും നടത്തി വരുന്നു. അമോണിയ, ഫോർമാലിൻ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ CIFT വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി വരുന്നു. ഗുണനിലവാരം ഉറപ്പാക്കി മത്സ്യവിൽപ്പന ഉറപ്പുവരുത്തുന്നതിന് നിയമ നിർമ്മാണം പരിഗണനയിലാണ്. |

| | |
|---|---|
| (സി) മത്സ്യഫെഡിന്റെ സഹായത്തോടെയും പൊതുമേഖലയിലും വിൽപന കേന്ദ്രങ്ങൾ ആരംഭിച്ച് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിന് മത്സ്യഫെഡ് ആവിഷ്കരിച്ച പദ്ധതിയാണ് 'തീരത്തിൽ നിന്ന് മാർക്കറ്റിലേയ്ക്ക്'. ഗുണമേൻമയേറിയ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 31 ഫിഷ് മാർട്ടുകൾ നടത്തി വരുന്നു. ഇവയ്ക്ക് ആവശ്യമായ മത്സ്യം പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും, വിപണിയിൽ നിന്നും സംഭരിച്ച് ഗുണമേൻമ ഉറപ്പാക്കിയും ജില്ലകളിൽ ശേഖരിച്ചും വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ